# പാമ്പുവേലായുധന്മാർ മകുടിയൂതുന്നു

**തോന്ന്യാക്ഷരം**

**ജെ.കെ**

പാമ്പുവേലായുധനെ അറിയാത്തവർ ഈ ഭൂമിമലയാളത്തിൽ ചുരുങ്ങും, വേലായുധൻ വീണ്ടും അനശ്വരനാവുകയാണ്. 'രാമർപിള്ള പച്ചില' പോലെ പത്രക്കാരും. വേലായുധൻ എവിടെയാണെങ്കിലും പത്രക്കാർ മണത്തറിയും. വഴിപോക്കർ ഒന്നെത്തിനോക്കും. നോക്കുന്നവരുടേയും വായിക്കുന്നവരുടേയും എണ്ണം പെരുകുമ്പോൾ പത്രമുതലാളിക്കും വേലായുധനും ലാഭം മാത്രം. എന്തായാലും വേലായുധനെ ഓർമ്മിക്കാൻ തക്ക യജ്ഞങ്ങൾ ഇപ്പോഴും ദിനംപ്രതിയെന്നോണം നമ്മുടെ പൂരപ്പറമ്പിൽ നടക്കുന്നു. പൂരപ്പറമ്പിലായാലും ബസ് സ്റ്റാന്റിലായാലും വേലായുധന് ആളെ കിട്ടാൻ നല്ല മിടുക്കാണ്. ഓരോ പാമ്പിനേയും കയ്യിലെടുത്ത് കഴുത്തിൽ ചുറ്റി ജനസമുദ്രത്തെ അത്ഭുതംകൊള്ളിക്കുന്ന മാന്ത്രിക വിദ്യയാണത്. സർപ്പപ്രദർശത്തിന്റെ അതിഹരത്തിൽ കാഴ്ച കാണുന്നവർ എല്ലാം മറക്കും.

മാധ്യമ പ്രഭുക്കന്മാർക്കും ഇത്തരം കരവിരുത് വശമാണ്. യുദ്ധമായാലും വംശീയതയായാലും മതമൗലികവാദമായാലും സാക്ഷാൽ 'വർഗ്ഗീയത'തന്നെയായാലും കരവിരുത് പ്രകടിപ്പിക്കുക സ്വാഭാവികം. ഗുജറാത്ത് കൂട്ടക്കൊലക്കുശേഷം ഒന്നര ലക്ഷം കോപ്പികൾ വർദ്ധിച്ച പത്രങ്ങളുണ്ടത്രേ. എഡിറ്റേഴ്സ് ഗിൽഡ് ശാസിച്ചിട്ടും സർക്കുലേഷൻ പെരുകുകയാണ്.

പാമ്പുവേലായുധനും മാന്ത്രികത കാണിക്കാറുണ്ട്. ഒറ്റ പാമ്പു പോലും വേലായുധനെ കടിക്കുകയില്ലെന്ന് ധരിച്ചവർക്ക് ഒടുക്കം പാമ്പുകടിയേറ്റുതന്നെ മരിച്ച വേലായുധനെ വിശ്വാസവുമില്ല. വേലായുധന്റെ പാമ്പിന് ഒന്നിനും വിഷമില്ല എന്നാണ് ജനം ധരിച്ചിരുന്നത്. പല്ലെല്ലാം ഊരി വിഷം ചീറ്റിച്ചു കളഞ്ഞിട്ടാണ് സർപ്പ പ്രദർശനം നടത്താറ്. നീർക്കോലിയല്ല സാക്ഷാൽ വിഷപാമ്പു തന്നെ വേലായുധനെ കടിച്ചു നമ്മുടെ പത്രങ്ങളും സെക്യുലറിസ്റ്റുകളും 'ചർവ്വിതചർവണം' എഴുതിവിടുമ്പോൾ ഇടയ്ക്ക് വിഷം ചീറ്റുന്നുണ്ടെന്ന് ജനമുണ്ടോ അറിയുന്നു! അല്ലറ ചില്ലറ അലോസരപ്പെടുത്തലുകൾ ഉണ്ടാക്കുന്ന താളപ്പിഴ ആൾക്കൂട്ടത്തെ ഒന്നിച്ചു ബാധിച്ചു എന്ന് ധരിച്ചാലും തെറ്റാം.

അതിഹരങ്ങൾ അസഹിഷ്ണുത സൃഷ്ടിക്കുന്നുവെന്നതാണ് പുതിയ ലക്ഷണം പോലും! സർപ്പപ്രദർശനത്തിന്റെ ഇടയ്ക്കുണ്ടാവുന്ന നിശ്ശബ്ദത ഗുണ്ടായി പൊട്ടുന്നുണ്ട്. ഇതിനൊക്കെ ചില സമയവും കാലവും ഉണ്ട്. രാഹുകാലം നോക്കി നക്ഷത്രം നോക്കി രാഷ്ട്രീയ ഭാവി നിർണ്ണയിക്കുന്നതുപോലെയാണ് സെക്യുലറിസ്റ്റ് പ്രവർത്തനങ്ങളും. കാലടി അദ്വൈതാശ്രമം പ്രസിഡണ്ട് സ്വാമി അമലേശ്വാനന്ദയെ വധിക്കാൻ ശ്രമിച്ചവർക്കെതിരെ ശബ്ദിക്കാത്തത് ഇതാണെത്രെ. വല്ല തലതെറിച്ച ഡി.വൈ.എഫ്.ഐക്കാരോ, സി.ഐ.ടി.യു ഗുണ്ടകളോ മറ്റോ ആണെങ്കിൽ പാർട്ടിയിലും സംസ്കാരത്തിലുമുള്ള തന്റെ ഇരിപ്പിടങ്ങൾക്ക് ഇളക്കം തട്ടിയാലോ? 'പുണ്യഭൂമി'എന്തെഴുതിയാലും! എന്തായാലും ശിവസേനക്കാരെ അറസ്റ്റ് ചെയ്തത് ഭാഗ്യമായി.

പാമ്പുവേലായുധന്റെ സർപ്പയജ്ഞങ്ങൾ പോലെ തേക്കിൻക്കാട്ടിൽ തമിഴ്നാട്ടിൽനിന്നു വരുന്ന നാടോടി സർക്കസ്സുകാരും പാട്ടുകാരും ശബ്ദിക്കുമ്പോൾ ആൾക്കൂട്ടമുണ്ടാവുന്നു. പിന്നെ തെരുവു നാടകക്കാരെത്തുമ്പോഴും, ഓഫീസ് വിട്ട് കടകൾ പൂട്ടി വീട്ടിലേക്കുള്ള ബസ്സിലേക്ക് ഓടുമ്പോഴായിരിക്കും സഡൻ ബ്രേക്ക്? നാണയത്തുട്ടുകൾ എറിഞ്ഞു കൊടുത്തും മനസ്സിൽ തെറി പറഞ്ഞും അയാൾ കാഴ്ച കണ്ടു നിൽക്കും. ഒരു പ്രതികരണവുമില്ലാതെ ഒരു പ്രകോപനവുമില്ലാതെ. ഒരു കൊടുങ്കാറ്റും സൃഷ്ടിക്കാതെ അങ്ങനെ തെരുവോരക്കാഴ്ചകളിൽ മതി മറക്കും. ഏതാണ്ട് ഇതുപോലെ ഒറ്റക്കുതന്നെയായിരിക്കും ഗുജറാത്ത്-മാറാട്- എന്ന് വിലപിച്ചുകൊണ്ട് സെക്യുലർ ജീവികൾ പാട്ടും നൃത്തവും പ്രസംഗവും വരയും കറിയുമായി 'മാ-നിഷാദാ'എന്നു പറഞ്ഞത്. മഴയുണ്ട് എന്നതുകൊണ്ട് മാനിഷാദ നനഞ്ഞില്ല... എന്നാലോ കൊച്ചിയിലെ കുമ്പളങ്ങിയിൽ കുടിവെള്ളമെന്ന സദ്വാർത്തക്കുവേണ്ടി നാട്ടുകാർ കാത്തിരിക്കുമ്പോഴും കുതിരക്കൂർ ദ്വീപിൽ മഴ പെയ്തു. 14000 ലിറ്റർ കുടിവെള്ളം താല്ക്കാലിക ഷവറുകളിലൂടെ മഴനീരായി പെയ്തിറങ്ങിയപ്പോൾ 'ഇണകളെ അവൻ വിവസ്ത്രരാക്കി!' ഇതൊക്കെ നമ്മുടെ ടൂറിസം വികസനത്തിന്റെ ഭാഗമായി മതമേലദ്ധ്യക്ഷന്മാരും സന്യാസി സമൂഹവും ആശ്രമങ്ങളും ഒക്കെ സഹകരിച്ചു കൊണ്ട് കെ.ടി.ഡി.സിയുടെ പുതിയ വികസനനയം നടപ്പാക്കുകയാണ്. സഭ്യതയുടെ അതിർ വരമ്പുകൾ ഒന്നും ലംഘിച്ചില്ലെന്നും സെക്യുലറിസത്തിന്റെ താളത്തിലാണ് ഇണകളെ കൈമാറി കൈമാറി നൃത്തമാടിയത്. ഫാദറിന്റെ കൈവശം മദ്യമല്ല ക്രിസ്തുദേവൻ മഴവെള്ളത്തെ വീഞ്ഞാക്കി മാറ്റിയതാണെന്നാണ് പ്രസ്താവം. എന്തായാലും നൃത്തത്തിൽ തുണിയില്ലെങ്കിലും വർഗ്ഗീയത ഇല്ലല്ലോ എന്ന് ആശ്വസിക്കുന്ന 'കറിയാച്ചന്മാരും' ഉണ്ട്.

തേക്കിൻകാട്ടിലെ മാ-നിഷാദ മഴയിൽ പ്രകൃതിപോലും കരഞ്ഞു നനഞ്ഞുവെന്നത് ശരി. കാരണം മാ-നിഷാദ എന്നത് മാ-മനുഷ്യാ എന്നാക്കാൻ വേണ്ടിയാണത്രേ. മനുഷ്യ കാരുണ്യത്തിന്റെ, സഹോദര്യത്തിന്റെ വർണ്ണങ്ങൾ കുതിർന്നൊലിച്ചു പോവാതിരിക്കാൻ ടാർപായ പന്തൽ അനുഗ്രഹമായി പോലും. ഹിറ്റ്ലറുടെ നാസിസത്തെക്കുറിച്ചും യുദ്ധഭീകരതയെക്കുറിച്ചും വംശീയതയെക്കുറിച്ചുമുള്ള പ്രഭാഷണത്തിലേക്ക് ചെവി കൂർപ്പിച്ചിരുന്ന 'പൈതങ്ങൾ' ജയേന്ദ്ര സരസ്വതി റോട്ടിലൂടെ പോയ ഹോറൻ മുഴങ്ങിയപ്പോൾ കാഴ്ചറോട്ടിലേക്കായി. കുട്ടികൾക്ക് എന്തു ഫാസിസം? എന്തു ഹിറ്റ്ലർ? ഇതൊക്കെ കൗതുകം മാത്രം! പാമ്പുവേലായുധന്റെ പ്രദർശനം കാണുന്നപോലെ, തെരുവോര സർക്കസ് കാണുന്നപോലെ, മാജിക്ക് കാണുന്നപോലെ, തേക്കിൻകാട്ടിലെ മണൽ തരികളോട് ആക്രോശിച്ച് പ്രതിരോധം തീർത്തവർ വേലായുധന് അടുത്ത പ്രദർശനത്തിന്റെ തിയതിക്കായി കൊട്ടാരങ്ങളിൽ യോഗം ചേർന്നു എന്നാണറിവ്. യോഗത്തിനെത്തിയവരും പാണ്ഡിത്വത്തിന്റെ സ്വയം സേവകരായി മാളങ്ങളിലേക്ക് ഉൾവലിഞ്ഞിട്ട് ചാരുകസേരയിൽ വിശ്രമിക്കുന്നുപോലും. അങ്ങനെയാണ് ഇവർ ചാരുകസേര ബുദ്ധിജീവികളാവുമെന്ന് ഒരു 'മ'പത്രം! മതേതരത്വത്തിൽ നിന്നാണ് മരുഭൂമികൾ പൂക്കുന്നത് എന്ന് എം.എൻ.വിജയനും. ഉള്ളിൽ നിന്നാണ് കത്തിയും തേറ്റയും വരുന്നതെന്ന് ആനന്ദനും, ആർക്കും ആർദ്രമാക്കാൻ കഴിയാത്ത വിധം മതേതരത്വകുപ്പായമിട്ട് നില്പാണ് കേരളീയ യുവത്വം മുഴുവനും എന്നിട്ടും തീ വീഴുന്നെന്നാണ് പറയുന്നത്.

ഉല്ക്കകൾ പൊട്ടിയോ, അണുബോംബുകൾ വീണോ, തീപ്പെട്ടിക്കൊള്ളിയിൽ നിന്നോ, മതികെട്ടാനിൽ തീ പിടിപ്പിച്ചപോലെ കേരളത്തിന്റെ വഴിയോരങ്ങളിൽ പൂരപ്പറമ്പുകളിൽ തീ പിടിക്കുമ്പോൾ താത്വിക ചർച്ചയെന്നത് പ്രത്യയശാസ്ത്ര പ്രശ്നമാണെന്നും പറയുന്നു. അഹം ബ്രഹ്മാസ്മി - എന്നതു പോലെ ഇഹം പരം മിദം സർവ്വം!